**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1306** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊച്ചി നിയോജകമണ്ഡലത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കൊച്ചി നഗരത്തിലോ എറണാകുളം ജില്ലയിലോ പൊതുജനങ്ങൾക്ക് സൗജന്യമായി പ്രാപ്യമായ രീതിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു പൊതു നീന്തൽ പരിശീലന കുളം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തീരദേശ മേഖലയിലെ കുട്ടികൾക്ക് മികച്ച പരിശീലനം നൽകുന്നതിനായി ഒരു ആധുനിക നീന്തൽ പരിശീലന കേന്ദ്രം കൊച്ചിയിൽ സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കായിക വികസനത്തിന് ഉതകുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഒരുക്കുക എന്നതാണ് സർക്കാർ നയം. ഈ ചോദ്യത്തിൽ ഉന്നയിച്ച കൊച്ചിയിലെ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ വരുന്ന അവസരത്തിൽ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** കൊച്ചിയിൽ പൊതുജനങ്ങൾക്ക് ലഭ്യമായ വലിയ മൈതാനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി അത്‌ലറ്റിക് ഫെഡറേഷൻ, കൊച്ചി നഗരസഭ, പി.ഡബ്ല്യു.ഡി. എന്നിവ അംഗീകരിച്ച സാർവത്രിക മാനദണ്ഡങ്ങൾ പ്രകാരമുള്ള 'ട്രാക്ക് ആൻഡ് ഫീൽഡ്' സംവിധാനങ്ങൾ ഫോർട്ട് കൊച്ചിയിലെ 8 ഏക്കർ വരുന്ന വേളി മൈതാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കൊച്ചിയിലെ ചരിത്രപ്രസിദ്ധമായ ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിന്റെ മഹത്തായ പൈതൃകം പൂർണ്ണമായും നിലനിർത്തിക്കൊണ്ട് അവിടുത്തെ പരമ്പരാഗത കായിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ആധുനിക ഫുട്ബോൾ മൈതാനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** കൊച്ചി മണ്ഡലത്തിലെ കായലുകളിലും കനാലുകളിലും വള്ളംകളി, വഞ്ചിതുഴയൽ എന്നിവയിൽ യുവാക്കൾക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനായി കുറഞ്ഞ ചെലവിൽ പ്രത്യേക റോയിംഗ്

ട്രാക്കുകൾ സജ്ജമാക്കാൻ കായിക വകുപ്പ് പദ്ധതി തയ്യാറാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**